ഡി.റ്റി.പി.സി. നൽകുന്ന അനധികൃത റസ്റ്റാറന്റ്

103 (501) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മ്യൂസിയത്തിന് സമീപം പബ്ലിക് ലാട്രിനോടൊപ്പം ഡി.റ്റി.പി.സി. നടത്തുന്ന അനധികൃത റസ്റ്റാറന്റ് നിറുത്തലാക്കാനുള്ള കോടതിവിധി കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) മേൽപ്പറഞ്ഞ കോടതി വിധിയെ അപ്പീൽ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ റസ്റ്റാറന്റ് പ്രവർത്തിക്കുന്ന സ്ഥലം അനധികൃതമായി കയ്യേറിയതാണെന്നും റോഡിൽ കസേരയും മേശയും നിരത്തി ഭക്ഷണം വിതരണം ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് തടസ്സവും അനാരോഗ്യവും ഉണ്ടാകുന്നതാണെന്നും ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് മുനിസിഫ് കോടതിയിലെ ഒ.എസ്.നമ്പർ 1737/93 കേസിനെതിരായി ടൂറിസം പ്രമോഷൻ കൗൺസിൽ 78/97 നമ്പരായി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം സംബന്ധിച്ച് , സർക്കാർ സ്റ്റേ നിലവിലുണ്ട്.

(സി&ഡി) ഉണ്ട്. പ്രസ്തുത ഭക്ഷണശാല നിർത്തൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ജനകീയാസൂത്രണ പരിപാടികളുടെ പ്രവർത്തന പുരോഗതി

104 (502) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷത്തെ ജനകീയാസൂത്രണ പരിപാടികളുടെ പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എന്തുതുക നീക്കിവച്ചിട്ടുണ്ടെന്നും ഇതിനെത്ര ഗഡുക്കൾ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര ഗഡുക്കളാണ് അനുവദിക്കുന്നതിന് അവശേഷിക്കുന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രഷറി നിയന്ത്രണങ്ങൾമൂലം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ വെട്ടിച്ചുരുക്കൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇത്തരത്തിലുള്ള ഏതെങ്കിലും ചർച്ചകളോ ശുപാർശകളോ നടത്തുകയുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2000-2001 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 1,045 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ രണ്ടു ഗഡുക്കൾ അർഹതപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) നടപ്പുവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 1045 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ രണ്ടു ഗഡുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇനി മൂന്നും നാലും ഗഡുക്കൾ അനുവദിക്കാൻ അവശേഷിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസക്തമല്ല.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 25 ശതമാനം കുറവു ചെയ്യുന്ന ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(എഫ്) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ജനകീയാസൂത്രണ പദ്ധതിയിലൂടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ

105 (503) ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ മുഖാന്തിരം 1997-98, 1998-99,1999-2000, 2000-2001 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപ വീതം ചെലവഴിച്ചിട്ടുണ്ട് എന്നതിനെക്കുറിച്ച് വിശദവിവരം നൽകുമോ ;

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്താകെ എത്ര വീടുകൾ, പാലങ്ങൾ, എത്ര കിലോമീറ്റർ റോഡുകൾ, കിണറുകൾ, കക്കൂസുകൾ എന്നിവ നിർമ്മിച്ചു ; എത്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കി ; എത്ര ആടുകൾ, കോഴികൾ, തുടങ്ങിയവ വിതരണം ചെയ്തു ; മറ്റു വിവിധ പദ്ധതികൾ എത്രവീതം നടത്തി ; വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly